

WEDNESDAY

13/05/2026

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/05/2026

1. നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന 'സുസ്ഥിര ഉല്പാദനക്ഷമത വർധനവിനുള്ള സമഗ്ര കേര വികസന പദ്ധതി' യിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. സംസ്ഥാനത്ത് നാളികേര കൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്തുതിനൊപ്പം, കേരകർഷകരുടെ വരുമാനം വർധിപ്പിക്കുകയും സുസ്ഥിര കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള/ പുതിയതായി രൂപീകരിക്കുന്ന കേര കർഷക കൂട്ടായ്മകൾക്കും ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷക ഉത്പാദക സംഘങ്ങൾക്കും ഈ പദ്ധതിയിലേക്ക് നേരിട്ട് അപേക്ഷിക്കാം. കൃഷിഭവനുകൾ, ഐ സി എ ആർ, കെ എ യു, കെ വി കെ തുടങ്ങിയ കർഷിക ഗവേഷണ സ്ഥാപനങ്ങൾക്കും നാളികേര വികസന ബോർഡിൽ സജീവ രജിസ്ട്രേഷൻ ഉള്ള കർഷക ഉത്പാദക ഫെഡറേഷനുകൾക്കും, നാളികേര ഉത്പാദക കമ്പനികൾക്കും നാളികേര ക്ലസ്റ്റർ തിരഞ്ഞെടുത്ത് ഈ പദ്ധതി നടപ്പിലാക്കുവാനുള്ള ഏജൻസികളായി അപേക്ഷ നൽകാം. ക്ലസ്റ്റർ അടിസ്ഥാനത്തിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉല്പാദനവർധനവിനുള്ള പ്രവർത്തനങ്ങൾ, ശാസ്ത്രീയ പരിപാലന രീതികൾ എന്നിവ നടപ്പിലാക്കും. ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനായി ശുപാർശ ചെയ്തിട്ടുള്ള രാസജൈവ വളങ്ങളും വിതരണം ചെയ്യും. അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ ഇടവിളകളുടെ നടീൽവസ്തുക്കളും കർഷകർക്ക് നല്കും. ഈ പദ്ധതിയിലേക്ക് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 22 വൈകുന്നേരം 5 മണിവരെയാണ്. അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും https://coconutboard.gov.in/docs/PICCSKerala_26-27.pdf സന്ദർശിക്കുക.

2. റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈന് വളപ്രയോഗശുപാർശ, വളപ്രയോഗരീതികൾ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെൻററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യന് റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. കെ.കെ. അമ്പിളി ഇന്ന് (2026 മെയ് 13 ബുധനാഴ്ച) രാവിലെ 10 മണി മുതല് ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി നൽകുന്നതാണ്. കോൾസെൻറര് നമ്പര് 0481 – 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള വെറ്ററിനറി സർവ്വകലാശാലയിലെ 4 സ്ഥാപനങ്ങളിലേക്ക് 2026-27 ലെ ഓഡിറ്റിംഗ്, ജി.എസ്.ടി, ഐ.ടി. ഫയലിംഗ്, ബാലൻസ് ഷീറ്റ് തയ്യാറാക്കൽ എന്നിവ ചെയ്യുന്നതിന് സി.&എ.ജി. എംപാനൽ ചെയ്ത ലിസ്റ്റിൽ നിന്നുള്ള ചാർട്ടേർഡ് അക്കൗണ്ടിംഗ് സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. താത്പര്യപത്രങ്ങൾ ഈ ഓഫീസിൽ 25.05.2026 രാവിലെ 11.00 മണിക്ക് മുൻപായി ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല വെബ് സൈറ്റ് സന്ദർശിക്കുക: www.kvasu.ac.in.

4. 2026 വർഷത്തേക്കുള്ള നടീൽവസ്തുക്കള് ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന സ്വകാര്യ റബ്ബർനഴ്സറികൾക്ക് റബ്ബർബോർഡിന്റെ അംഗീകാരം നേടുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകള് അനുബന്ധരേഖകൾ സഹിതം 2026 മെയ് 14-ാം തീയതി വരെ ബന്ധപ്പെട്ട റീജിയണൽ ഓഫീസുകളില് സമർപ്പിക്കാവുന്നതാണ്. അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിലും www.rubberboard.gov.in റബ്ബർബോർഡ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെബ്സൈറ്റിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 – 2576622 എന്ന നമ്പറിൽ ബന്ധപ്പെടാം.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് റീജിയണൽ പൗൾട്രി ഫാമിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളും കൊത്തു മുട്ടകളും വിൽപ്പനക്ക് ലഭ്യമാണ്. പിടക്കോഴി കുഞ്ഞ് ഒന്നിന് വില 25 രൂപ, പൂവൻ കോഴിക്കുഞ്ഞ് ഒന്നിന് വില 5 രൂപ, കൊത്തുമുട്ട വില ഒന്നിന് 25 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0471 2730804 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക

## പരിശീലന പരിപാടി

6. വെള്ളായണി കാർഷിക കോളജിൽ വിവിധ വിഷയങ്ങളിൽ ഈ മാസം 18 മുതൽ 30 വരെ നടത്തുന്ന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഈ മാസം 18ന് **"ചക്ക വിളവെടുപ്പ് അനന്തര സാങ്കേതിക വിദ്യകളും മൂല്യവർധിത ഉൽപന്നങ്ങളും"** എന്ന വിഷയത്തിലും 21 ന് **"ഫലവൃക്ഷങ്ങളിലെ കായിക പ്രജനന രീതികൾ"** എന്ന വിഷയത്തിലും , 23 ന് **"നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ഉൽപന്നങ്ങൾ"** എന്ന വിഷയത്തിലും, **"26 ന് കുരുമുളക് കൃഷി"** എന്നതിലും , **30 ന് "ഇൻഡോർ സസ്യങ്ങൾ – ഇനങ്ങളും നടീൽ രീതികളും"** എന്നീ വിഷയങ്ങളിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 8891540778.

## കാർഷിക നിർദേശം

7. **കമുക്**

കുരുത്തോലച്ചാഴി, മഞ്ഞളിപ്പ് മുതലായ കീട-രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക. മഞ്ഞളിപ്പ് കാണുകയാണെങ്കിൽ വിദഗ്ധ ഉപദേശം തേടി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. തെക്കൻ വെയിലിൽ നിന്നുള്ള സൂര്യാഘാതം തടയുന്നതിനായി കമുകിൻ തടിയിൽ വെള്ള പൂശുകയോ കമുകിൻ പോളകൾ കൊണ്ട് പൊതിയുകയോ ചെയ്യണം. തോട്ടങ്ങളിൽ 3-5 ദിവസം ഇടവിട്ട് മരമൊന്നിന് 175 ലിറ്റർ എന്ന തോതിൽ ജലസേചനം നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**8. കുരുമുളക്**

നടീലിന് തയ്യാറാക്കിവച്ചിട്ടുള്ള ചെന്തലകൾ കഷണങ്ങളാക്കി വേരുപിടിപ്പിക്കാൻ കൂടകളിൽ നടാവുന്നതാണ്. വള്ളികൾ സൂര്യാഘാതമേൽക്കാതെ സംരക്ഷിക്കുകയും പുതയിട്ട് ഉണക്കിന്റെ കാഠിന്യം കുറക്കുകയും ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം